**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 260** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>കാൻസർ രോഗികൾക്കു കീമോതെറാപ്പി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. ആൻസലൻ

ശ്രീ. കെ. ആൻസലൻ

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കാൻസർ രോഗികൾക്കായി കീമോതെറാപ്പി സംവിധാനം നടപ്പിലാക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഈ പദ്ധതിയ്ക്ക് എത്ര തുകയാണ് വേണ്ടതെന്ന വിവരം അറിയിക്കുമോ?

**<u>മറുപടി:</u>** മൂന്ന് കാൻസർ സെന്ററുകളിലും (ആർ.സി.സി, എം.സി.സി, സി.സി.ആർ.സി), മെഡിക്കൽ കോളേജുകളിലും, ആരോഗ്യ വകുപ്പിനു കീഴിലുള്ള 28 സ്ഥാപനങ്ങളിലും കീമോതെറാപ്പി നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ആർ.സി.സി-യിൽ കീമോ തെറാപ്പി നൽകി വരുന്നുണ്ട്. സർക്കാർ പദ്ധതികളായ കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി (KASP/AB-PMJAY), കാരുണ്യ ബെനവലന്റ് ഫണ്ട്, പട്ടിക വർഗ്ഗക്കാർക്കുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, എൻഡോസൾഫാൻ ബാധിതർക്കുള്ള ചികിത്സാ പദ്ധതി, വി-കെയർ (KSSM), ആരോഗ്യകിരണം എന്നീ പദ്ധതികൾ വഴിയാണ് ആർസിസിയിലെ രോഗികൾക്ക് സൗജന്യമായി കീമോ തെറാപ്പി നൽകിവരുന്നത്. ഇതിനായി ഓരോ വർഷവും വേണ്ടി വരുന്ന കീമോ തെറാപ്പി സംവിധാനത്തിന്റെ ചെലവ് എന്നത് രോഗിയുടെ രോഗാവസ്ഥയും, ഉപയോഗിക്കുന്ന മരുന്നുകളെയും ആശ്രയിച്ചാണിരിക്കുന്നത്.

സി.സി.ആർ.സിയിൽ 2016 മുതൽ കീമോതെറാപ്പി ചികിത്സാ സംവിധാനം നടപ്പിലാക്കി വരുന്നു. എന്നിരുന്നാലും 2019 മുതലാണ് രോഗികളിൽ നിന്നും ഇതിലേയ്ക്കായി ചാർജ് ഈടാക്കി തുടങ്ങിയത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി / കാരുണ്യ ബെനവലന്റ് ഫണ്ട് (KASP /KBF) പദ്ധതിയിൽ ഉൾപ്പെട്ട രോഗികൾ, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി / കാരുണ്യ ബെനവലന്റ് ഫണ്ട് (KASP /KBF) പദ്ധതിയിൽ ഉൾപ്പെടാത്ത രോഗികൾ എന്നിങ്ങനെ രോഗികളെ തരംതിരിച്ചു ചാർജ് ഈടാക്കി വരുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി/ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടാത്ത രോഗികളിൽ നിന്ന് എ.പി.എൽ/ ബി.പി.എൽ നിരക്കുകൾ പ്രകാരം താഴെ കൊടുത്തിരിക്കുന്ന രീതിയിൽ കീമോതെറാപ്പി ചാർജ് ഈടാക്കി വരുന്നു.

എ പി എൽ (രണ്ടു മണിക്കൂറിൽ താഴെ )-310

എ പി എൽ (രണ്ടു മണിക്കൂറിൽ കൂടുതൽ )-370

ബി പി എൽ (രണ്ടു മണിക്കൂറിൽ താഴെ )-190

ബി പി എൽ (രണ്ടു മണിക്കൂറിൽ കൂടുതൽ )-250

കീമോതെറാപ്പിക്കായി ഉപയോഗിക്കുന്ന മരുന്നുകളുടെ നിരക്ക് അവയുടെ എം.ആർ.പി. അനുസരിച്ച് വ്യത്യാസപ്പെടുന്നു.

മലബാർ കാൻസർ സെന്റർ (പി.ജി.ഐ.ഒ.എസ്.ആർ) ൽ അർബുദ രോഗികൾക്കായി 2001 മുതൽ കീമോതെറാപ്പി സംവിധാനം ഉപയോഗിച്ചുള്ള ചികിത്സ നൽകി വരുന്നു. ആധുനിക സജീകരണങ്ങളോട് കൂടിയ ഇരുന്നൂറിലധികം കീമോ കിടക്കകൾ എംസിസി (പി.ജി.ഐ.ഒ.എസ്.ആർ) യിൽ സജ്ജീകരിച്ചിട്ടുണ്ട്. പ്രതിവർഷം ഇരുപത്തി അയ്യായിരത്തിലധികം വിവിധ തരത്തിലുള്ള കീമോ തെറാപ്പികൾ രോഗികൾക്ക് നൽകി വരുന്നു. കീമോ തെറാപ്പി സംവിധാനത്തിന്റെ ചെലവ് എന്നത് രോഗിയുടെ രോഗാവസ്ഥയും, ഉപയോഗിക്കുന്ന മരുന്നുകളെയും ആശ്രയിച്ചാണിരിക്കുന്നത്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ മെഡിക്കൽ കോളേജുകളിൽ കാൻസർ രോഗികൾക്കായി കീമോതെറാപ്പി സംവിധാനം നിലവിലുണ്ട്. തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകൾ, റീജിയണൽ ക്യാൻസർ സെൻറർ (RCC) മാതൃകയിൽ മിനി RCC യായി പ്രവർത്തിക്കുന്നുണ്ട്.

അർബുദ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ മുഖേനയുള്ള ചികിത്സ (കീമോതെറാപ്പി) റേഡിയേഷൻ ചികിത്സ (റേഡിയേഷൻ തെറാപ്പി), അർബുദ ശസ്ത്രക്രിയകൾ എന്നിവ സർക്കാർ മെഡിക്കൽ കോളേജുകൾ വഴിയും നൽകി വരുന്നുണ്ട്. റേഡിയോ തൊറാപ്പി, സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, ജനറൽ സർജറി മുതലായ വകുപ്പുകളുടെ ഏകോപനത്തോടു കൂടി രോഗത്തിൻറെ അവസ്ഥ മനസ്സിലാക്കി രോഗികൾക്ക് ചികിത്സ ലഭ്യമാക്കുന്ന രീതിയാണ് മെഡിക്കൽ കോളേജുകളിൽ അവലംബിച്ചു പോരുന്നത്. 12.03.2023 ലെ സ.ഉ(സാധാ) നം. 555/2023/ആരോഗ്യം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും ആരോഗ്യ വകുപ്പിലേയും ആശുപത്രികളെ ഏകോപിച്ചു ഒരു Hospital Based Cancer Registry (HBCR) ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആർദ്രം പദ്ധതിയുടെ കീഴിൽ കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് സംസ്ഥാന ക്യാൻസർ നിയന്ത്രണ പദ്ധതി. ക്യാൻസറിനെപ്പറ്റിയുള്ള അവബോധന ക്ലാസുകൾ, ക്യാൻസർ പ്രാരംഭ ദിശയിൽ കണ്ടെത്തുന്നതിനുള്ള സൗകര്യങ്ങൾ സർക്കാർ ആശുപത്രികളിൽ ഒരുക്കി ക്യാൻസർ തുടക്കത്തിൽ തന്നെ കണ്ടെത്തുക, ക്യാൻസർ സെന്ററുകളേയും മെഡിക്കൽ കോളേജുകളേയും ജില്ല ആശുപത്രികളേയും ജനറൽ ആശുപത്രികളേയും താലൂക്ക് ആശുപത്രികളേയും ഉൾപ്പെടുത്തി Cancer Care Grid രൂപീകരിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ക്യാൻസർ രോഗികൾക്ക് ആധുനിക റേഡിയേഷൻ ചികിത്സകൾ നൽകുന്നതിൻറെ ഭാഗമായി ലീനിയർ ആക്സിലറേറ്റർ (LINAC) മെഷീനുകൾ സ്ഥാപിച്ചു സർക്കാർ ആശുപത്രികൾ വഴി മികച്ച രോഗ നിയന്ത്രണവും ചികിത്സയും നൽകാനും സാധിക്കുന്നുണ്ട്. അതോടൊപ്പം ടെലി കോബാൾട്ട് മെഷീൻ, ബ്രാക്കി തെറാപ്പി എന്നിവ വഴിയും റേഡിയേഷൻ നൽകി വരുന്നു. അതോടൊപ്പം തന്നെ ക്യാൻസർ രോഗികൾക്ക് കീമോതെറാപ്പി ഉൾപ്പെടെയുള്ള ചികിത്സാ സംവിധാനങ്ങൾ ആരോഗ്യവകുപ്പിന് കീഴിലുള്ള 28 സ്ഥാപനങ്ങളിൽ നിലവിലുണ്ട്. റീജിയണൽ കാൻസർ സെന്ററുകൾ, വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗികളുടെ ബാഹുല്യം കുറയ്ക്കുന്നതിനും ക്യാൻസർ രോഗികൾക്ക് അവരുടെ പ്രദേശത്തു തന്നെ ചികിത്സ ഉറപ്പാക്കുന്നതിന്റെ ഭാഗമായിട്ടുമാണ് വികേന്ദ്രീകൃത ക്യാൻസർ ചികിത്സാ പദ്ധതി സംസ്ഥാന ആരോഗ്യവകുപ്പ് ആരംഭിച്ചത്. തുടക്കത്തിൽ പരിശീലനം ലഭിച്ച ഡോക്ടർമാരുടെ സേവനം ഉപയോഗിച്ചുകൊണ്ട് ആരംഭിച്ച ഈ പദ്ധതിയിൽ ഇപ്പോൾ റേഡിയേഷൻ ഓങ്കോളജി ഡോക്ടർമാരുടെ സേവനമാണ് പ്രയോജനപ്പെടുത്തുന്നത്. ഒരു കീമോതെറാപ്പി സെന്റർ ആരംഭിക്കുന്നതിന് 20 ലക്ഷം രൂപ വീതം സംസ്ഥാന ആരോഗ്യവകുപ്പിന്റെ ക്യാൻസർ കെയർ പദ്ധതിയിലൂടെ വിവിധ വർഷങ്ങളിലായി നൽകിയിട്ടുണ്ട്. ഇതിന് പുറമേ ഇവയുടെ അറ്റകുറ്റ

പണികൾക്കും മരുന്നുകളും ഉപകരണങ്ങളും വാങ്ങിക്കുന്നതിനും എല്ലാവർഷവും ഫണ്ട് നൽകി വരുന്നുണ്ട്. വീഡിയോ പോൾകോസ്കോപ്പി, മാമോഗ്രാഫി മെഷീൻ തുടങ്ങിയ ഉപകരണങ്ങളുടെ സേവനം ആരോഗ്യവകുപ്പിലൂടെ നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**